കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. പത്മാക്ഷിയുടെ നിയമനം ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**സ.ഉ (എം.എസ്) നം. 183/2016/തസ്വഭവ തീയതി, തിരുവനന്തപുരം 29.11.2016**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി) നം. 501/05/ധന നമ്പർ ഉത്തരവ്.
2. ശ്രീമതി. പത്മാക്ഷിയുടെ 21.06.2011-ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 28.06.2012, 08.07.2013 തീയതികളിലെ ഇ 9-33146/2011 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ 1989 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. പത്മാക്ഷിയെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതിനായി ആവശ്യമായ രേഖകൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 1989 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. പത്മാക്ഷിയെ, 588.78 ച.മി സ്വീപ്പിംഗ് ഏരിയയുള്ള ടി പഞ്ചായത്ത് ആഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 588.78 ച.മി സ്വീപ്പിംഗ് ഏര്യ ഉള്ളതിനാലും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിനാലും ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിൽ ദിവസ വേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. പത്മാക്ഷിയെ ടി തസ്തികയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. പത്മാക്ഷി വിരമിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ ആളെ നിയമിക്കാവൂ എന്നും നിർദ്ദേശം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ. എം.കെ**
ഗവ: ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
ശ്രീമതി. പത്മാക്ഷി, സ്വീപ്പർ, ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ്, ആലപ്പുഴ ജില്ല.
(സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് മുഖേന).
സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(യു.ഒ നം. 140375/Exp.C2/15/Fin. തീയതി 24.09.2016 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/223/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ